**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 503** **13-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എഫ്.സി.യുടെ കിട്ടാക്കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | വായ്പ എടുത്തവർ തിരിച്ചടക്കാത്തതിനാൽ കെ.എഫ്.സി.യുടെ കിട്ടാക്കടം അയ്യായിരത്തി എഴുനൂറ് കോടി രൂപയായി ഉയർന്ന സാഹചര്യമുണ്ടോ; | (എ) | വായ്പ എടുത്തവർ തിരിച്ചടക്കാത്തത് മാത്രമല്ല പ്രകൃതി ദുരന്തവും കോവിഡ് മഹാമാരി മൂലമുണ്ടായ ബിസിനസ് മാന്ദ്യവും മൂലം വായ്പ എടുത്തവർക്ക് തിരിച്ചടക്കാൻ കഴിയാത്ത സാഹചര്യവും വായ്പാ തിരിച്ചടവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | ക്രമരഹിതമായ വായ്പാവിതരണം, വായ്പ നൽകിയ ശേഷം ബന്ധപ്പെട്ടവർ കൃത്യമായി കാര്യങ്ങൾ നിരീക്ഷിക്കാത്തത്, കുടിശ്ശിക വരുത്തിയവരെ റിസർവ്വ് ബാങ്കിന്റെ വിൽഫുൾ ഡിഫോൾട്ടർ (മനപ്പൂർവ്വം തിരിച്ചടക്കാത്തവർ) പട്ടികയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കാത്തത് എന്നിവ കിട്ടാക്കടം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. എന്നാൽ ശ്രദ്ധയിൽപ്പെട്ട ചുരുക്കം ചില കേസുകളിൽ കാരണക്കാരായ ആളുകൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |
| (സി) | എങ്കിൽ കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനും ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനും എന്തൊക്കെ സമയബന്ധിതമായ നടപടികൾ സർക്കാരും കെ.എഫ്.സി.യും ചേർന്ന് സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | കോവിഡ് ദുരന്തംമൂലം വായ്പകർക്കുണ്ടായ കഷ്ടനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേകം പാക്കേജും കൂടാതെ ലോൺ പുനക്രമീകരണം ചെയ്യുകയും, പലിശ കുറച്ചുകൊണ്ട് ഉദാരമായ രീതിയിൽ വായ്പ നൽകുകയും ചെയ്യുകവഴി കിട്ടാക്കടത്തിന്റെ തോത് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മേൽ സാഹചര്യത്തിലും പണമടക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ എസ്.എഫ്.സി. ആക്ട് പ്രകാരവും/റവന്യൂ റിക്കവറി ആക്ട്/ കൂടാതെ മറ്റ് നിയമപ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ